LIBRARY ARCHIVES Kerala Legislative Assembly

സ്പീഡ് ഗവേണറിന്റെ പ്രവർത്തനക്ഷമത

21 (*231) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പീഡ് ഗവേണർ സ്ഥാപിച്ചതിനുശേഷം സംസ്ഥാനത്ത് വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് നിരീക്ഷിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇപ്രകാരം വാഹനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിക്ക സ്പീഡ് ഗവേണറും പ്രവർത്തനരഹിതമാണെന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അമിതവേഗംമൂലമുള്ള വാഹനാപകടം ഒഴിവാക്കാൻ വാഹനങ്ങളിലെ സ്പീഡ് ഗവേണറിന്റെ പ്രവർത്തനക്ഷമതയും ഉപയോഗവും കർശന പരിശോധനക്കു വിധേയമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉണ്ടാകുന്ന വാഹനാപകടങ്ങളുടെ ഒരു പ്രധാന കാരണം അമിതവേഗതയാണ്. എന്നാൽ, വാഹനങ്ങളിൽ സ്പീഡ് ഗവേണർ നിർബന്ധമാക്കിയതിനുശേഷം ഇതിൽ കുറവു വന്നിട്ടുണ്ട്.

(ബി) ചില വാഹനങ്ങളിൽ ഇവ പ്രവർത്തനരഹിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിൽ കർശനമായ പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കർശന പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

എല്ലാവർക്കും സ്പോർട്ട്സ്, എല്ലാവർക്കും ആരോഗ്യം

22 (*232) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാവർക്കും സ്പോർട്ട്സ്, എല്ലാവർക്കും ആരോഗ്യം, എന്ന പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മുതിർന്നവർക്കായി കായികക്ഷമതാ ബോധവൽക്കരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) മുതിർന്ന വ്യക്തികളുടെ കായികക്ഷമത തിട്ടപ്പെടുത്തി ഓരോരുത്തർക്കും അനുയോജ്യമായ വ്യായാമമുറകളും തോതും നിർണ്ണയിച്ചു നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ;